# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം
## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 207
## 08.03.2017 ലെ മറുപടിക്ക്

### ട്രഷറികളുടെ ആധുനികവൽക്കരണം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. സി. എഫ്.തോമസ്<br>ഡോ. എൻ. ജയരാജ് | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | സംസ്ഥാനത്തെ ട്രഷറികളുടെ ആധുനികവൽക്കരണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | സംസ്ഥാനത്തെ ട്രഷറികളുടെ ആധുനികവൽക്കരണം പ്രധാനമായും രണ്ട് മേഖലകളിലായാണ് നടന്നുവരുന്നത്.<br>1) ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം<br>2) അടിസ്ഥാന സ്വകാര്യ വികസനം.<br><br>ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം<br><br>സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം ലക്ഷ്യമിട്ടുകൊണ്ട് ട്രഷറികളിൽ സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS) ഏർപ്പെടുത്തിക്കഴിഞ്ഞു. ആയതിന്റെ പൂർത്തീകരണ പ്രഖ്യാപനം ബഹു. മുഖ്യമന്ത്രി 23.2.2017 ൽ നിർവ്വഹിച്ചു<br><br>വിവര സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുകയും അതിലൂടെ മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുകയും ചെയ്യുക യെന്നതാണ് IFMS ന്റെ ഉദ്ദേശ്യം. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലാണ് ട്രഷറികളുടെ ആധുനികവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. ഇ-ഗവർണൻസ് പദ്ധതിയുടെ അന്ത:സത്ത ഉൾക്കൊള്ളുന്നതിലും കടലാസ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേക്ക് എത്തിച്ചേരുന്നതിനുമുള്ള മഹത്തായ കാൽവയ്പാണ് IFMS-ലൂടെ കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തികകാര്യ പരിപാലനം ഫലപ്രദമായി നിർവഹിക്കുന്നതിനായി ധനവകുപ്പിന്റെ നേതൃത്വത്തിൽ അക്കൗണ്ടന്റ് ജനറൽ, റിസർവ് ബാങ്ക്, |

| | | |
|---|---|---|
| | | ഏജൻസി ബാങ്കുകൾ, മറ്റ് വകുപ്പുകൾ എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാവരെയും സംയോജിതവും കേന്ദ്രീകൃതവുമായ നിർവ്വഹണ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരികയെന്നതാണ് IFMS -ന്റെ ലക്ഷ്യം.<br><br>റവന്യൂ മാനേജ്മെന്റിന് പത്തു ബാങ്കുകളെ ബന്ധിപ്പിച്ച ഇ-ട്രഷറി, ബില്ലുകൾ കേന്ദ്രീകൃതമായി പാസാക്കാനുള്ള Core TIS, ബജറ്റ് വിഹിതം നൽകാനും നിരീക്ഷിക്കാനും BAMS, ശമ്പളത്തിന് SPARK, മറ്റു ബില്ലുകൾക്ക് BIMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾക്ക് PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS, വെയ്സ് ആന്റ് മീൻസിന് WAMS, ഏതു ട്രഷറി വഴിയും ഇടപാടുകൾ സാധ്യമാക്കുന്ന CORE BANKING എന്നിങ്ങനെയുള്ള ആധുനികമായ സംരംഭങ്ങൾ ഉൾക്കൊള്ളുന്ന IFMS സംവിധാനമാണ് ട്രഷറികളിൽ നടപ്പിലാക്കിയിട്ടുള്ളത്.<br><br><u>അടിസ്ഥാന സൗകര്യ വികസന പദ്ധതി (TIDP)</u><br><br>സ്വന്തമായികെട്ടിടമില്ലാത്തതുംജീർണ്ണാവസ്ഥയിലുള്ളതുമായ ട്രഷറി കെട്ടിടങ്ങൾ കിഫ്ബിയിൽ നിന്നുള്ള ഫണ്ടുപയോഗിച്ച് നവീകരിക്കുന്നതിനും നിർമ്മിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ ഏജൻസിയായി INKEL Ltd-നെ തത്വത്തിൽ അംഗീകരിച്ചിട്ടുമുണ്ട്. കൂടാതെ ട്രഷറികളിലെ കംപ്യൂട്ടർ/നെറ്റ് വർക്ക് സംവിധാനങ്ങൾ നവീകരിക്കാനുള്ള നടപടികളും IFMS ന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. |
| (ബി) | ട്രഷറി ഇടപാടുകൾക്ക് നെറ്റ് ബാങ്കിങ്, എ.ടി.എം. എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ട്രഷറി സേവിങ്സ് ബാങ്ക് ഇപ്പോൾ കോർബാങ്കിങ് സംവിധാനത്തിലേയ്ക്ക് മാറിക്കഴിഞ്ഞു. അതിന്റെ അടുത്ത ഘട്ടമായി ഇടപാടുകാരുടെ സൗകര്യാർത്ഥം നെറ്റ് ബാങ്കിങ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ട്രഷറിയിൽ അക്കൗണ്ടുള്ള ഒരാൾക്ക് ഇന്റർനെറ്റ് സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി സ്വന്തം അക്കൗണ്ടിലുള്ള പണം മറ്റൊരാളുടെ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനുള്ള സൗകര്യമാണ് ഇന്റർനെറ്റ് ബാങ്കിങ് കൊണ്ടുദ്ദേശിക്കുന്നത്. ഓരോ ഇടപാടുകാരനും സുരക്ഷിതമായ user Id യും password ഉം നൽകുന്നതും അതുപയോഗിച്ച് സ്വയം പണം മാറ്റാവുന്നതുമാണ്. ഇതിനായി ഇടപാടുകാരൻ ട്രഷറിയിൽ പോകേണ്ടതില്ല.<br><br>G.O(Rt) No.10460/12/Fin തീയതി 14.12.2012 പ്രകാരം സംസ്ഥാനത്തെ 4 ട്രഷറികളിൽ ATM സംവിധാനം |

| | | |
|---|---|---|
| | | ഏർപ്പെടുത്താൻ സർക്കാർ ഭരണാനുമതി ഉത്തരവ് നൽകിയിരുന്നു. എന്നാൽ പ്രസ്തുത തീരുമാനം വഴി നടപ്പിലാക്കുന്ന Stand alone ATM കൾ ഇടപാടുകാർക്ക് ഏറെ ഗുണപ്രദമാകില്ല എന്ന കാരണത്താൽ സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം സംവിധാനം ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം. ലൂടെ തുക പിൻവലിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കാനുമുള്ള നിർദ്ദേശം ഈ സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (സി) | ട്രഷറികളിൽ നിക്ഷേപം വർദ്ധിപ്പിക്കുക വഴി എന്തെല്ലാം നേട്ടങ്ങളാണ് സംസ്ഥാനത്തിന് ആർജ്ജിക്കാൻ സാധിക്കുക; വിശദാംശങ്ങൾ നൽകുമോ; | ട്രഷറി സേവിങ്സ് ബാങ്കിലും ട്രഷറി നിക്ഷേപത്തിലുമുള്ള തുക സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾക്കായി ഉപയോഗിക്കാം. നിക്ഷേപകർക്ക് ആകർഷകമായ പലിശ നല്കേണ്ടിവരുന്നുവെങ്കിലും സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഈ നിക്ഷേപങ്ങൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. ട്രഷറി ബാലൻസിലും ഇതിന് നിർണായക സ്വാധീനമുണ്ട്. |
| (ഡി) | സംസ്ഥാനത്തെ ട്രഷറികളിലേക്ക് നിക്ഷേപം ആകർഷിക്കുന്ന തിനുതകുന്ന വിധത്തിൽ നിലവിലുള്ള ആധുനിക വൽക്കരണ നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | നിലവിലെ ട്രഷറികളിലെ ആധുനികവൽക്കരണ നടപടികൾ ട്രഷറി നിക്ഷേപം ആകർഷകമാക്കിയിട്ടുണ്ട്. സേവിങ്സ് ബാങ്ക് ഇടപാടുകൾക്ക് കോർബാങ്കിങ് സംവിധാനം ഏർപ്പെടുത്തിയതോടുകൂടി ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഏത് ട്രഷറിയിൽ നിന്നും അക്കൗണ്ടിലെ പണം പിൻവലിക്കുവാനും, ഏത് ട്രഷറി മുഖേനയും പണം നിക്ഷേപിക്കുവാനും, ഏതു ട്രഷറിയിലുള്ള നിക്ഷേപത്തിന്റെയും പലിശ ഒരു സേവിങ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുവാനും ഇതിലൂടെ സാധ്യമാകുന്നു. നെറ്റ് ബാങ്കിങ് സൗകര്യം, യൂട്ടിലിറ്റി പേയ്മെന്റ് എന്നിവ ഏർപ്പെടുത്തുന്നതോടുകൂടി ആധുനിക ധനകാര്യ സ്ഥാപനങ്ങളോട് കിടപിടിയ്ക്കുന്ന രീതിയിൽ മെച്ചപ്പെട്ട സേവനം ട്രഷറി ഇടപാടുകാർക്ക് നൽകുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ